II ഇ.ബി. XIV - കേരള നിയമസഭ/XVIII-6

# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2020 ഫെബ്രുവരി 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

13 (*151) കേന്ദ്ര സർക്കാർ തയ്യാറാക്കിയ മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ തയ്യാറാക്കിയ മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വലിന്റെ പകർപ്പ് 16-01-2019-ൽ സർക്കാരിന് ലഭ്യമായിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. രാജ്യത്ത് അനധികൃതമായി പ്രവേശിക്കുകയോ അനുവദിച്ച

കാലാവധിക്കുശേഷം തുടരുകയോ ചെയ്യുന്ന വിദേശികളെയും ശിക്ഷാ കാലാവധിക്കുശേഷം സ്വദേശത്തേയ്ക്ക് മടങ്ങാനുള്ള നടപടി കാത്തിരിക്കുന്നവരേയും അവർ രാജ്യം വിടുന്നതുവരെ പാർപ്പിക്കുന്നതിനുള്ള തടങ്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണെന്ന് 2012 ആഗസ്റ്റിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും അനധികൃത കുടിയേറ്റക്കാർക്ക് വൈദ്യുതി, കുടിവെള്ളം, ശുചിത്വം, കിടക്കകളോടുകൂടിയ അക്കോമഡേഷൻ, മെഡിക്കൽ സൗകര്യം, ആശയവിനിമയ സൗകര്യം, എൽ.പി.ജി. കണക്ഷനോടുകൂടിയ അടുക്കള, മതിയായ ടോയ്ലെറ്റുകൾ, ബാത്റൂമുകൾ തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണമെന്ന് മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. എൻ.പി.ആർ. സംസ്ഥാനത്ത് നടപ്പാക്കില്ലെന്നും സെൻസസ് നടപടികളും എൻ.പി.ആർ.-ഉം തമ്മിൽ കൂട്ടിക്കുഴയ്ക്കേണ്ടതില്ലെന്നും സെൻസസിന്റെ ഭാഗമായി വീടിനെ സംബന്ധിച്ച വിവരശേഖരണം മാത്രമാണ് നടത്തുന്നതെന്നും ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനായി സെൻസസ് പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് ബോധവൽക്കരണം നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

14 (*152) ജീവിതശൈലി രോഗങ്ങൾ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, ആധുനികവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഫലമായി ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്നുണ്ടെന്നും ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 60 ശതമാനത്തോളം ആളുകൾ മരിക്കുന്നത് ജീവിതശൈലി രോഗങ്ങൾമൂലമാണെന്നും സഭയെ അറിയിച്ചു. അനാരോഗ്യകരമായ ഭക്ഷണരീതിയും വ്യായാമക്കുറവും ലഹരിയോടുള്ള ആസക്തിയും ഉയർന്ന മാനസിക പിരിമുറുക്കവുമാണ് പ്രമേഹം, രക്താതിമർദ്ദം, പൊണ്ണത്തടി, ഹൃദ്രോഗം, വൃക്കരോഗം, പക്ഷാഘാതം, കാൻസർ തുടങ്ങിയ ജീവിതശൈലി രോഗങ്ങൾ വർദ്ധിക്കാനുള്ള കാരണം. രോഗപ്രതിരോധത്തിനായി ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' പദ്ധതി പ്രാഥമിക-സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ-ജനറൽ-താലൂക്ക് ആശുപത്രികളിലും പ്രാവർത്തികമാക്കിയതോടുകൂടി ജീവിതശൈലീരോഗ നിയന്ത്രണ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 848 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 5400-ഓളം

കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലിരോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ ആറ് ദിവസം NCD ക്ലിനിക്കുകൾ പ്രവർത്തിക്കുകയും Pre-Checkup സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ജീവിതശൈലീരോഗ നിർണ്ണയം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടെന്നും 'ശ്വാസ്', 'ആശ്വാസ്', 'നയനാമൃതം', 'Tobaco cessation' തുടങ്ങിയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ആഴ്ചയിൽ ഒരു ദിവസം ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ക്ലിനിക്കുകളെ ശക്തിപ്പെടുത്തുന്നതിനായി ബിപി അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ, സ്റ്റെഡിയോമീറ്റർ, ഡിജിറ്റൽ വെയിംഗ് മെഷീൻ, യൂറിൻ ഡിപ്പ് സ്റ്റിക് തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും പ്രമേഹം, രക്താതിമർദ്ദം, സ്തനാർബുദം, വദനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവ പ്രാരംഭദശയിൽ കണ്ടെത്തുന്നതിനായി ആശാവർക്കർമാരെ ഉൾപ്പെടുത്തി പ്രാദേശികാടിസ്ഥാനത്തിൽ രോഗനിർണ്ണയം നടത്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ലോകാരോഗ്യ

സംഘടനയും ICMR-മായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം, കണ്ണൂർ, വയനാട്, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിയ IHCI പദ്ധതിയും നയനാമൃതം പദ്ധതിയും എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. 178 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 25 താലൂക്ക് ആശുപത്രികളിലും 14 ജില്ലാ ആശുപത്രികളിലും SWASS ക്ലിനിക്കുകൾ ആരംഭിക്കുകയും കാൻസർ ചികിത്സയ്ക്കായി എല്ലാ ജില്ലകളിലും ജില്ലാ കാൻസർ കെയർ യൂണിറ്റുകൾ ആരംഭിച്ച് 72000-ത്തിൽപ്പരം കീമോതെറാപ്പി ചികിത്സ നൽകാനും 3600 പുതിയ അർബുദരോഗികളെ കണ്ടെത്താനും സാധിച്ചിട്ടുണ്ടെന്നും സംസ്ഥാന ആരോഗ്യ വകുപ്പ് പുതിയതായി ഒരു കാൻസർ കെയർ ബോർഡ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എല്ലാ ജില്ലകളിലെയും ഒരു പ്രധാനപ്പെട്ട ആശുപത്രിയിൽ 'അഭയം' പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും പക്ഷാഘാത ചികിത്സാ പദ്ധതി (ശിരസ്), CAPD ക്ലിനിക്കുകൾ, കൊറോണറി കെയർ യൂണിറ്റുകൾ, ആശ്വാസം പദ്ധതി, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി എന്നിവ നടപ്പാക്കി വരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റം സംബന്ധിച്ച ബോധവൽക്കരണത്തിന്റെ ഭാഗമായി മുൻനിര സിനിമാ പ്രവർത്തകരേയും സാമൂഹിക-കലാ-സാഹിത്യ രംഗത്തെ പ്രമുഖരേയും ഉൾപ്പെടുത്തി ഹ്രസ്വ

ചിത്രങ്ങൾ ആരോഗ്യ വകുപ്പ് തയ്യാറാക്കി ടെലിവിഷൻ, Social Media എന്നീ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും പ്രാദേശിക തലത്തിലും വ്യായാമം, യോഗ എന്നിവ പ്രോത്സാഹിപ്പിക്കാനും ജില്ലാ-മുനിസിപ്പാലിറ്റി-ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ജനങ്ങൾക്ക് വ്യായാമം ചെയ്യുന്നതിന് ഒരു ജില്ലയിൽ അഞ്ച് ഓപ്പൺ ജിംനേഷ്യം ആരംഭിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ എൻ.എസ്.എസ്. യൂണിറ്റുമായി സഹകരിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ ഇടയിൽ ജങ്ക് ഫുഡിനെതിരെയും ലഹരിക്കെതിരെയും പ്രത്യേക കാമ്പയിനുകൾ നടത്തിവരികയും ക്യാമ്പസുകളിലെ വിദ്യാർത്ഥികളുടെ ഇടയിൽ ഉത്തമ ജീവിതശൈലി അവലംബിക്കുന്നതിന് പ്രാപ്തമാക്കാൻ ഏഴിന പദ്ധതിയായ VIBGYOR എല്ലാ ജില്ലകളിലും നടപ്പാക്കുകയും ഭക്ഷ്യ സുരക്ഷാ വിഭാഗവും ന്യൂട്രീഷൻ ബ്യൂറോയുമായി സഹകരിച്ചുകൊണ്ട് സുരക്ഷിത ഭക്ഷണം, ആരോഗ്യകരമായ ഭക്ഷണം എന്നിവയെക്കുറിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്തുകയും Age Specific, Disease Specific diet-നെക്കുറിച്ച് ആരോഗ്യ വകുപ്പ് കൈപുസ്തകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. മലബാർ കാൻസർ സെന്റർ,

റീജിയണൽ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നിവയുടെ നേതൃത്വത്തിൽ സെർവ്വിക്കൽ-ഓറൽ-ബ്രസ്റ്റ് കാൻസറുകൾ നേരത്തെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. പ്രൈമറി ഹെൽത്ത് സെന്റർ വഴി പ്രമേഹ രോഗികൾക്ക് സൗജന്യമായി ഇൻസുലിൻ വിതരണം ചെയ്യുന്നുണ്ടെന്നും ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നുവിതരണം തുടരുന്നതാണെന്നും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അർഹതപ്പെട്ടവരെയെല്ലാം ഉൾപ്പെടുത്തുമെന്നും കുട്ടിഡോക്ടർ സംവിധാനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15 (*153) <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ആദ്യഘട്ട പ്രവൃത്തികൾ 2019 ഡിസംബർ 3-ന് പൂർത്തിയാക്കണമെന്ന കരാർ അദാനി ഗ്രൂപ്പ് ലംഘിച്ചതിനെതിരെ നോട്ടീസ് നൽകിയിട്ടുണ്ടെന്നും കരാർ കാലാവധി കഴിഞ്ഞ് മൂന്ന് മാസം പിഴയില്ലാതെയും തുടർന്നുള്ള 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ടെന്നും സഭയെ അറിയിച്ചു.

പദ്ധതി പൂർത്തീകരണത്തിനുണ്ടായ കാലതാമസം സംബന്ധിച്ച് കമ്പനി പറഞ്ഞ കാരണങ്ങൾ പൂർണ്ണമായി അംഗീകരിച്ചിട്ടില്ലെന്നും 12 ലക്ഷം രൂപ പ്രതിദിനം കമ്പനിയിൽനിന്നും ഈടാക്കുമെന്ന വ്യവസ്ഥയിൽ ഇളവ് വരുത്തിയിട്ടില്ലെന്നും വ്യവസ്ഥ പാലിച്ചില്ലെങ്കിൽ കമ്പനിക്ക് സർക്കാർ നൽകേണ്ട തുകയിൽനിന്നും പ്രസ്തുത തുക ഈടാക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. പുലിമുട്ട് നിർമ്മാണത്തിന്റെ 20 ശതമാനവും ഡ്രെഡ്ജിംഗ് പണികളുടെ 40 ശതമാനവും പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പണികൾ നൂറുശതമാനവും പൂർത്തിയായിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എല്ലാ സംവിധാനങ്ങളും കമ്പനിക്ക് ചെയ്തുകൊടുത്തിട്ടുണ്ട്. ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുമായി ആലോചിച്ച് പൂർത്തീകരിക്കുന്നതാണെന്നും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യാനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെന്നും വിഴിഞ്ഞം മുതൽ ബാലരാമപുരം വരെയുള്ള റെയിൽ കണക്റ്റിവിറ്റിയുടെ കാര്യം കൊങ്കൺ റെയിൽവേയുമായി ചർച്ച

ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1853 മുതൽ 2258 വരെയുള്ള ചോദ്യങ്ങളിൽ 64 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)